പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 719 27.4.2017-ൽ മറുപടിയ്ക്ക്

# പോൾട്രി ഡെവലപ്മെന്റ് കോർപ്പറേഷന്റെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.കെ.ഹരീന്ദ്രൻ<br>ശ്രീ.കാരാട്ട് റസാഖ്<br>ശ്രീ.വി.കെ.സി.മമ്മത് കോയ<br>ശ്രീ.പി.കെ.ശശി | അഡ്വ.കെ.രാജു<br>(വനം,മൃഗസംരക്ഷണം<br>ക്ഷീരവികസനം,മൃഗശാല വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് ആയിരക്കണക്കിന് കർഷകർ ആശ്രയിക്കുന്ന പോൾട്രി മേഖലയിൽ കോഴിക്കുഞ്ഞുങ്ങളുടെ വിലയും തീറ്റ വിലയും ഇറച്ചി വിലയും നിശ്ചയിക്കുന്നത് അയൽ സംസ്ഥാനങ്ങളിലെ ലോബിയായി തീർന്നിരിക്കുന്നതിനാൽ ആയത് കർഷകരെ ദുസ്ഥിതിയിലാക്കിയിരിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി) ഈ മേഖലയിൽ പോൾട്രി ഡെവലപ്മെന്റ് കോർപ്പറേഷന്റെ പ്രവർത്തനം ശക്തിപ്പെടുത്തുവാൻ പദ്ധതിയുണ്ടോയെന്ന് വ്യക്തമാക്കുമോ; | ബി) ജനിതകമേന്മയുള്ള ഇറച്ചി കോഴികുഞ്ഞുങ്ങളും ഗുണനിലവാരമുള്ള ബ്രോയിലർ തീറ്റയുമാണ് ഇറച്ചിക്കോഴി വളർത്തലിന്റെ അടിസ്ഥാന ഘടകങ്ങൾ. ഇവ രണ്ടും കേരളത്തിൽ ആവശ്യത്തിന് ലഭിക്കാതിരിക്കുന്ന സാഹചര്യത്തിൽ കേരളത്തിലെ കോഴിവളർത്തൽ കർഷകരെ സഹായിക്കാൻ വേണ്ടി സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ വിവിധ പ്രവർത്തനങ്ങൾ നടത്തി വരുന്നു.<br><br>സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന്റെ അധീനതയിൽ തിരുവനന്തപുരം ജില്ലയിൽ കുടപ്പനക്കുന്നിൽ പ്രവർത്തിക്കുന്ന ബ്രോയിലർ ബ്രീഡർ ഫാമിൽ പ്രതിവർഷം ഏകദേശം ഏഴ് ലക്ഷം ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ ഉല്പാദിപ്പിച്ച് ഇന്റഗ്രേഷൻ ഫാമുകൾ വഴി വളർത്തിയെടുത്ത് 40-45 ദിവസം പ്രായമാകുമ്പോൾ തിരിച്ചെടുത്ത്, പേട്ടയിലെ മീറ്റ് പ്രോസസിംഗ് പ്ലാന്റിൽ ശാസ്ത്രീയമായി സംസ്കരിച്ച് 'കെപ്കോ ചിക്കൻ' എന്ന പേരിൽ ഏജൻസികൾ വഴിയും വില്പന കൗണ്ടറിലൂടെയും പൊതുജനങ്ങൾക്ക് വിൽക്കുന്നു. ഇപ്രകാരം ഈ കോർപ്പറേഷൻ |

നേരിട്ട് വിപണിയിൽ ഇടപെടുന്നതു കൊണ്ട് കോഴിയിറച്ചിയുടെ വില ഒരു പരിധി വരെ നിയന്ത്രിച്ചു നിർത്താൻ സാധിക്കുന്നു. കൂടാതെ ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ ആവശ്യക്കാരായ കർഷകർക്ക് മിതമായ നിരക്കിൽ വിതരണം നടത്തുകയും ചെയ്യുന്നു.

ഇറച്ചിക്കോഴി വളർത്തലിൽ, കർഷകർക്ക് ഗുണനിലവാരമുള്ള കോഴിത്തീറ്റ ലഭ്യമാക്കാൻ കോർപ്പറേഷന്റെ കീഴിലുള്ള കോഴിത്തീറ്റ ഉല്പാദന കേന്ദ്രങ്ങളിൽ ഗുണനിലവാരമുള്ള തീറ്റ ഉല്പാദിപ്പിച്ച് മിതമായ നിരക്കിൽ വിതരണം ചെയ്യുന്നു.

സി) ഈ മേഖലയിലെ കർഷകരെ കൃഷിക്കാരായി പരിഗണിച്ച് വായ്പ അനുവദിക്കുന്നതിലും വൈദ്യുതി നൽകുന്നതിലും ആനുകൂല്യം ലഭ്യമാക്കുമോ; കർഷകർക്ക് നികുതി ഇളവു നൽകുന്ന കാര്യം പരിഗണനയിലുണ്ടോ?

സി) 28.3.2015 ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 59/15/കൃഷി ഉത്തരവ് പ്രകാരം അംഗീകരിച്ച് പുറപ്പെടുവിച്ച സംസ്ഥാന കാർഷിക വികസന നയത്തിൽ കോഴികൃഷിയെ ഒരു കാർഷിക വൃത്തിയായി അംഗീകരിച്ചുവെങ്കിലും കോഴിക്കർഷകർക്ക് പ്രത്യേകിച്ച് നികുതിയിളവുകളൊന്നും പ്രഖ്യാപിച്ചിട്ടില്ല. എന്നാൽ ''കേരള സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ കോഴിക്കൃഷിയെ (പൗൾട്രി ഫാമുകളെ) മെച്ചപ്പെട്ട ഉല്പാദനത്തിനാവശ്യമായ ഭൗതികസാഹചര്യങ്ങൾ സൃഷ്ടിക്കുന്നതിനാവശ്യമായ വൈദ്യുതി ഉപയോഗിക്കുന്ന കാർഷികവൃത്തിക്ക് ഏർപ്പെടുത്തിയിരിക്കുന്ന LT 5(B) താരിഫിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. 2016-17,2017-18 സാമ്പത്തികവർഷങ്ങളിലേക്കുള്ള താരിഫ് പരിഷ്കരണ നടപടികളിൽ കാർഷികവിഭാഗം ഉപഭോക്താക്കൾക്ക് വൈദ്യുതി ചാർജ് വർദ്ധന വരുത്തുന്നതിനുള്ള ശുപാർശയൊന്നും തന്നെ നിലവിലില്ല. അതിനാൽ സംസ്ഥാനത്തെ കോഴികൃഷിക്ക് അനുകൂലമായ നിലപാടാണ് സർക്കാർ സ്വീകരിച്ചു വരുന്നത്.''

സെക്ഷൻ ഓഫീസർ